# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 4680 — 22.03.2018 ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാല പെൻഷൻകാർക്ക് ഇരട്ട പെൻഷൻ

**ചോദ്യം** — **ഉത്തരം**

ശ്രീ.പാറക്കൽ അബ്ദുല്ല

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ട്രഷറി വകുപ്പിന്റെ വീഴ്ചമൂലം കേരള സർവ്വകലാശാല പെൻഷൻകാർക്ക് ഇരട്ട പെൻഷൻ ലഭിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; | സാങ്കേതിക തകരാർ കാരണം കേരള സർവ്വകലാശാലയിലെ പെൻഷൻകാരുടെ അക്കൗണ്ടുകളിൽ ഇരട്ടി തുക ക്രെഡിറ്റ് വന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ട്രഷറി വകുപ്പിന്റെ വീഴ്ച മൂലമല്ല ഇപ്രകാരം സംഭവിച്ചത് |
| (ബി) | എങ്കിൽ ഇതുവഴി സർക്കാരിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; | ഇത് കാരണം സർക്കാരിന് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല |
| (സി) | ഈ തുക എപ്രകാരം തിരിച്ച് പിടിക്കാനാണ് ഉദ്ദേശിക്കുന്നത്; | പ്രസ്തുത വിവരം റിസർവ്വ് ബാങ്കിനെ അറിയിക്കുകയും തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ ഉടനടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട് |
| (ഡി) | തുക തിരിച്ചുപിടിക്കുമ്പോൾ പലിശ ഇനത്തിൽ സർക്കാരിനും ആദായനികുതി ഇനത്തിൽ ജീവനക്കാർക്കുമുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | തുക തിരിച്ച് പിടിക്കുന്ന നടപടി പൂർത്തിയാകുമ്പോൾ സർക്കാരിനും ജീവനക്കാർക്കും യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല |
| (ഇ) | എങ്കിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാനും പെൻഷൻകാർക്കുണ്ടായേക്കാവുന്ന നഷ്ടം പരിഹരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സോഫ്റ്റ് വെയറിന്റെ തകരാറുകൾ പരിഹരിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ പെൻഷൻകാർക്ക് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ